വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് വനഭൂമി കൈമാറ്റം

43. [1529] ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നമ്പലമേട്ടിലെയും പമ്പയിലെയും വനഭൂമി വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് കൈമാറിയിട്ടുണ്ടോ ; എങ്കിൽ കേന്ദ്രാനുമതി വാങ്ങിയശേഷമാണോ കൈമാറിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) വനഭൂമി ഇതര ആവശ്യങ്ങൾക്ക് കൈമാറുന്നതിന് കേന്ദ്ര സർക്കാരിൻെറ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണോ ;

(സി) പെരിയാർ വന്യഭൂമി സങ്കേതത്തിൻെറയും എലിഫൻറ് പ്രോജക്ടിൻെറയും പരിധിയിൽ വരുന്ന ഭൂമിയാണോ സംസ്ഥാന സർക്കാർ ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് കൈമാറിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊന്നമ്പലമേട്ടിലെയും പമ്പയിലെയും യൂക്കാലി തോട്ടങ്ങൾ കൃാപ്റീവ് പ്ലാൻേറഷനുവേണ്ടി വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് കൈമാറിയിട്ടുണ്ട്. ഇതിന് കേന്ദ്ര അനുമതി വാങ്ങിയിട്ടില്ല.

(ബി) ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ സബ് ക്ലാസ് 2(111) നുള്ള വിശദീകരണപ്രകാരം 100% കേന്ദ്ര സർക്കാർ ഉടമയിലുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് പോലുള്ള കമ്പനികൾക്ക് കൃാപ്റീവ് പ്ലാൻേറഷൻ നിർമ്മിക്കുന്നതിന് വനഭൂമി കൈമാറുന്നതിന് കേന്ദ്ര സർക്കാരിൻെറ മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ല.

(സി) പെരിയാർ വന്യഭൂമി സങ്കേതത്തിൻെറ പരിധിയിൽപ്പെട്ട വനഭൂമി ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് കൈമാറിയിട്ടില്ല. എന്നാൽ പ്രോജക്ട് എലിഫെൻറിൻെറ അതിരുകൾക്കുള്ളിൽ പ്ലാൻേറഷനുകൾ നടത്തുന്നതിന് നിരോധനമില്ലാത്തതിനാൽ അതിൻെറ പരിധിക്കുള്ളിൽ ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് പ്ലാൻേറഷനുവേണ്ടി സ്ഥലം അനുവദിച്ചിട്ടുണ്ട്.

കേരളത്തിൽ പുതുതായി ചന്ദന ഫാക്ടറികൾ അനുവദിക്കണമെന്ന് അപേക്ഷ

44. [1530] ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതുതായി ചന്ദന ഫാക്ടറികൾ അനുവദിക്കണം എന്ന അപേക്ഷ പരിഗണനയിലുണ്ടോ ;

(ബി) പുതുതായി ചന്ദന ഫാക്ടറികൾ അനുവദിക്കണമെന്ന അപേക്ഷ ആരൊക്കെയാണ് സമർപ്പിച്ചിട്ടുള്ളത് ; എവിടെയൊക്കെ അനുവദിക്കുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ചന്ദന ഫാക്ടറികൾ അനുവദിക്കുന്നത് വനസമ്പത്തിൻെറ നാശത്തിന് കാരണമാകുമെന്നതിനാൽ അനുവദിക്കാൻ പാടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഫാക്ടറി അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ പുതുതായി ചന്ദന ഫാക്ടറി അനുവദിക്കുന്നതിന് മുന്ന് അപേക്ഷകൾ ലഭിച്ചിരുന്നു. ഇവ അനുവദിച്ചാൽ അത് വനസംരക്ഷണത്തെ ഹാനികരമായി ബാധിക്കുമെന്നതിനാൽ ഈ മൂന്ന് അപേക്ഷകളും നിരസിച്ചിട്ടുണ്ട്. അപേക്ഷകരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

	അപേക്ഷകന്റെ പേരും മേൽവിലാസവും	ചന്ദനഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്ഥലം
1.	അബ്ദുൽ നസീർ, മാനേജിംഗ് പാർട്ണർ, റോയൽ പെർഫ്യൂംസ്, കിണർപ്പള്ളം, പാലക്കാട്.	ചിറ്റൂർ താലൂക്കിൽപ്പെട്ട വടകരപ്പതി ഗ്രാമപഞ്ചായത്തിൽ കിണർപ്പള്ളം.
2.	എം. കെ. സലിം ആൻഡ് കെ. എം. കുഞ്ഞ്മൊയ്ദീൻ, മാനേജിംഗ് പാർട്ണർ, സൗത്ത് ഇൻഡ്യാ പെർഫ്യൂംസ് കമ്പനി, വണ്ണാമട, ഗോപാലപുരം, ചിറ്റൂർ താലൂക്ക്.	ചിറ്റൂർ താലൂക്കിൽ കോഴിപ്പതി വില്ലേജിൽ ഗോപാലപുരം.
3.	എം. വേലുസ്വാമി, വീനസ് ഇൻഡസ്ട്രി, നടുപുളി, ആർ.വി.പൊതൂർ, ഇരുത്തേടൻപതി വില്ലേജ്, ചിറ്റൂർ താലൂക്ക്.	ഡോർ നമ്പർ 5/527, നടുപുളി, ആർ.വി. പൊതൂർ.

(സി) ഉണ്ട്.

(ഡി) 11-11-1992-ലെ ജി.ഒ. (പി) 44/92/വനം എന്ന ഉത്തരവ് പ്രകാരം വനാതിർത്തിയിൽനിന്നും അഞ്ചു കിലോമീറ്ററിനുള്ളിൽ വനോൽപ്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായസ്ഥാപനങ്ങൾ അനുവദിക്കുവാൻ പാടില്ലെന്ന് ഉത്തരവായിട്ടുണ്ട്, 4-6-1993-ലെ 26206/ജി3/93/തവ. നമ്പർ സർക്കുലർ പ്രകാരം വനോൽപ്പന്നങ്ങൾ അടിസ്ഥാനമാക്കി ഉള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നത് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതിയോടുകൂടി മാത്രമേ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തേക്കുമരങ്ങളിൽ പടർന്നുവളരുന്ന ഇത്തിൾ വെട്ടിമാറ്റി മരം സംരക്ഷിക്കുന്നതിന് നടപടി

45. [1531] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വനംവകുപ്പുവക തോട്ടങ്ങളിലെ തേക്കുമരങ്ങളിൽ ഇത്തിൾ ചെടികൾ പടർന്ന് വളരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തിൾ വെട്ടിമാറ്റി മരം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) തേക്ക് മരങ്ങളുടെ സംരക്ഷണത്തിന് വനംവകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly